BINOY.B.S

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**H** **702**

# വാർഷിക മൂല്യനിർണയം 2014-15

## മലയാളം

സ്റ്റാൻഡേർഡ് : VII | കേരള പാഠാവലി | സമയം:2 മണിക്കൂർ

---

നിർദ്ദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

### പ്രവർത്തനം 1. യാത്രാ വിവരണം

> "പൈൻ മരക്കാടുകളിലൂടെ നടന്നെത്തിയത് വിശാലമായ ഒരു സമതലത്തിലാണ്. സമതലത്തിന്റെ ഒരു ഭാഗത്തുകൂടെ അളകനന്ദ സാമാന്യം വീതിയിലൊഴുകുന്നു. സമതലം ഓറഞ്ചു മരങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. അവയ്ക്കപ്പുറം ഉത്തുംഗമായ പർവതങ്ങളുടെ അനേകം നിരകൾ ദൃശ്യമായി."

എ) മുകളിൽ കൊടുത്തത് ഒരു യാത്രാവിവരണത്തിൽ നിന്നെടുത്ത ഭാഗമാണ്. ഇതെഴുതിയതാര്?

1. രാജൻ കാക്കനാടൻ
2. എം പി വീരേന്ദ്രകുമാർ
3. എസ് കെ പൊറ്റക്കാട്
4. സന്തോഷ് ജോർജ്ജ് കുളങ്ങര

ബി). ഇതുപോലെ നിങ്ങൾ നടത്തിയ യാത്രയുടെ അനുഭവത്തെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക ?

### പ്രവർത്തനം 2. ആസ്വാദനക്കുറിപ്പ്

'വെള്ളപ്പൊക്കം' എന്ന കവിതയിൽ മലവെള്ളത്തിലൂടെ കവി നടത്തിയ യാത്ര നിങ്ങൾ ആസ്വദിച്ചല്ലോ .

എ). പി ഭാസ്കരന്റെ 'മഴമുകിൽപ്പെൺകൊടി' എന്ന കവിതയിലെ വരികളാണ് താഴെകൊടുത്തിട്ടുളളത്. കവിത വായിച്ച് ആസ്വാദനം തയ്യാറാക്കുക.

ഒരു കുടം തണ്ണീരുമൊക്കത്തു വെച്ചൊരാ-
ക്കരിമുകിൽപ്പെൺകൊടിയെങ്ങുപോയി?
വയലിന്റെ തൊണ്ട വരണ്ടു കിടക്കുമ്പോ-
ളുയിരറ്റു തോപ്പുകൾ നിന്നിടുമ്പോൾ
തളിരുകളൊക്കെക്കൊഴിഞ്ഞൊരു മാന്തോപ്പിൽ
കുയിലുകൾ പാടിക്കുഴഞ്ഞിടുമ്പോൾ
അണയാത്തതെന്തവൾ വാനിന്റെ താഴ്വാര-
ത്തണലിൽ പതിവുപോൽ വെള്ളവുമായ്?
ഒരു കുടം തണ്ണീരുമൊക്കത്തു വെച്ചൊരാ-
ക്കരിമുകിൽപ്പെൺകൊടിയെങ്ങുപോയി?

ബി). കവിതയിൽ 'കരിമുകിൽപ്പെൺകൊടി 'എന്നു വിശേഷിപ്പിക്കുന്നത് ആരെയാണ് ?

1. കറുത്തപെൺകുട്ടിയെ
2. കാർമേഘത്തെ
3. കാറ്റിനെ
4. കുയിലിനെ

പ്രവർത്തനം 3. വാങ്മയചിത്രം

എ). 'പ്രാതൽ' എന്ന പാഠഭാഗത്തിൽ കുഞ്ഞൻ മേനോന്റെ ആഹാരരീതിയുടെ വാങ്മയചിത്രമാണ് കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത്.

ഇതുപോലെ 'ഗാനം കേട്ട നേരം' എന്നകവിതയിൽ ചെറുശ്ശേരി കാണിച്ചു തരുന്ന വൃന്ദാവനക്കാഴ്ച്ചകളുടെ വാങ്മയ ചിത്രം ഗദ്യരൂപത്തിൽ അവതരിപ്പിക്കുക.

ബി). താഴെകൊടുത്ത പദങ്ങൾ ചേർത്തെഴുതുക .

ആടി + തുടങ്ങി - ..........................

പ്രവർത്തനം 4 - താരതമ്യക്കുറിപ്പ്

'മടക്കയാത്രയ്ക്ക് സമയമായപ്പോൾ ഗുരുദേവൻ ഞങ്ങളെ അരികിൽ വിളിച്ചു. പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു:"പച്ചക്കിളിയെ കിട്ടിയോ?"അയ്യോ! ഇദ്ദേഹം ഇതെങ്ങനെ കണ്ടു എന്ന അത്ഭുതത്തോടെ നാണിച്ചുകൊണ്ട് ഞാൻ പറഞ്ഞു. "പറന്നുപോയി."അദ്ദേഹം പറഞ്ഞു: "കൂടെപ്പറക്കാൻ പഠിക്കണം.""അതിനെനിക്കു ചിറകില്ലല്ലോ." എന്നായി ഞാൻ. അദ്ദേഹം ചിരിച്ചു:"ചിറകുണ്ടാകണം. അതാണ് മിടുക്ക്."

'കൂടെപ്പറക്കാൻ പഠിക്കണം' എന്ന് ഗുരുദേവൻ കുട്ടിയോട് പറഞ്ഞു;ആരാണ് ആ കുട്ടി ?

ചിറകു കുരുത്തു തുടങ്ങും മുൻപൊരു
ചിന്നക്കുരുവി നിനയ്ക്കുന്നു
നീലാകാശം കുട്ടിന്നരികെ
നിന്നു പതുക്കെ വിളിക്കുന്നു.
കാടിൻ മീതെ വയലിൻ മീതെ
കടലിൻ മീതെ പോകണമോ
കുഞ്ഞിക്കാറ്റു കളിച്ചു നടക്കും
കുന്നിൻ ചുമലിലിരിക്കണമോ
അരുവികൾ പാടിച്ചാടി നടക്കും
ചെരുവുകൾ തോറും ചെല്ലണമോ
പുലർകാലത്തിൻ കാന്തികളാലേ
പൂത്തകിഴക്കും കാണണമോ
നീലിമയേറിയൊരെന്നുടെ മടിയിൽ
നീ വന്നുടനെ ചേർന്നാലും.

ജി. ശങ്കരക്കുറുപ്പ്

മുകളിൽ കൊടുത്ത ഖണ്ഡികയിൽ എഴുത്തുകാരി പ്രകടിപ്പിക്കുന്ന ആഗ്രഹവും ഈ കവിതയിലെ കുരുവിയുടെ ആഗ്രഹവും താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം - ഉപന്യാസം

കുടിയനും അലസനും കോമാളിയുമായി മാറിയ പിതാവ് മെൽഷിയർ, ജീൻക്രിസ്റ്റഫിന് നൽകിയത് വേദന നിറഞ്ഞ ദിനങ്ങളാണ്.

മദ്യപാനം മൂലം തകർന്നു പോകുന്ന കുടുംബ ബന്ധങ്ങളെ വീണ്ടെടുക്കുന്നതിനായി ജീൻക്രിസ്റ്റഫിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരു ലഘു ഉപന്യാസം തയ്യാറാക്കുക.

കുടുംബത്തിന്റെ സാമ്പത്തിക തകർച്ച,
നിരന്തരമായ ലഹരി ഉപയോഗം വരുത്തുന്ന മാറാവ്യാധികൾ ,
കുടുംബ/സാമൂഹ്യ ബന്ധങ്ങളിലുണ്ടാകുന്ന തകർച്ച.
എന്നിവ ഉൾപ്പെടുത്തണം.